RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 03.04.2020

**സർക്കുലർ നമ്പർ 27/2020**

വിഷയം:- സഹകരണ വകുപ്പ് - കൊവിഡ് 19 - സഹകരണ സ്ഥാപനങ്ങളിലെ എം.ഡി.എസ്, ജി.ഡി.എസ് എന്നിവയുടെ നറുക്കെടുപ്പ്/ലേല നടപടികൾ മാറ്റി വയ്ക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്ത് കൊവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രഖ്യാപിച്ചിട്ടുള്ള ലോക്ക് ഡൗണിന്റെ ഭാഗമായി സഹകരണ ബാങ്കുകൾ/സംഘങ്ങൾ നടത്തി വരുന്ന എം.ഡി.എസ്, ജി.ഡി.എസ് തുടങ്ങിയ നിക്ഷേപ പദ്ധതികളുടെയും നറുക്കെടുപ്പ്/ലേല നടപടികളുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സഹകരണ സ്ഥാപനങ്ങൾ നടത്തിവരുന്ന എം.ഡി.എസ്, ജി.ഡി.എസ് തുടങ്ങിയ നിക്ഷേപ പദ്ധതികളുടെ ലേല നടപടികൾ ലോക്ക് ഡൗൺ കാലയളവിൽ മാറ്റി വയ്ക്കേണ്ടതാണ്.
2. ലോക്ക് ഡൗൺ കാലയളവിലെ തവണ തുക അടയ്ക്കാൻ വരിക്കാർക്ക് മതിയായ സാവകാശം നൽകേണ്ടതാണ്. ലോക്ക് ഡൗൺ കാരണം മുടങ്ങിയ തവണ തുകയ്ക്ക് വീത പലിശ/ബോണസ് നഷ്ടപ്പെടുവാനോ, പലിശ ഈടാക്കുവാനോ പാടുള്ളതല്ല.
3. ലോക്ക് ഡൗൺ കാലയളവിൽ മാറ്റി വച്ച നറുക്കെടുപ്പ്/ലേലനടപടികൾ ടി കാലയളവിന് ശേഷം നടത്തുമ്പോൾ വരിക്കാർക്ക് തവണ തുക അടയ്ക്കുന്നതിന് ആവശ്യമായ സമയം നൽകി നറുക്കെടുപ്പ്/ലേല തീയതി മുൻകൂർ അറിയിച്ച് നടത്തേണ്ടതുമാണ്.

ഒപ്പ്
എ.അലക്സാണ്ടർ. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:- 1) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്
2) സഹകരണ വകുപ്പിലെ എല്ലാ ജീവനക്കാർക്ക്
3) എല്ലാ സഹകരണ സ്ഥാപനങ്ങൾക്ക് 4) വെബ് സൈറ്റ്
5) സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.ബി)